## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4917 — 01.07.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ തീർപ്പ് കല്പിക്കാനുള്ള അപേക്ഷകളുടെ വിവരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റ്റി. യു. കുരുവിള | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ നിധിയിൽ നിന്നും എത്ര പേർക്ക് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കടാശ്വാസം നൽകി എന്ന് വ്യക്തമാക്കാമോ ; | (എ) | 1969 ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/ സഹകരണ ബാങ്കുകൾ തുടങ്ങിയ സാമ്പത്തിക സ്രോതസ്സുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള 15,738 മത്സ്യത്തൊഴിലാളികൾക്കും മത്സ്യഫെഡിൽ നിന്നും മത്സ്യത്തൊഴിലാളി സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള 308 മത്സ്യത്തൊഴിലാളികൾക്കും കടാശ്വാസം അനുവദിച്ചിട്ടുണ്ട്. |
| (ബി) | വിവിധ ഏജൻസികളിൽ നിന്ന് മത്സ്യബന്ധന വിപണന ഉപകരണങ്ങൾ വാങ്ങുന്നതിനായി ലോൺ എടുത്ത് ജപ്തി നടപടി നടന്നു വരുന്ന മത്സ്യതൊഴിലാളികളുടെ കടങ്ങൾ എഴുതി തള്ളുന്നതിന് നടപടി ഉണ്ടാകുമോ ; | (ബി) | വിവിധ സർക്കാർ ഏജൻസികളിൽ നിന്ന് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി എടുത്ത വായ്പകൾ കടാശ്വാസത്തിനായി പരിഗണിക്കുന്നുണ്ട്. |
| (സി) | മത്സ്യ മേഖലയിൽ പണിയെടുക്കുന്നവരുടെ ജീവിത ദുരിതങ്ങൾ പഠിക്കുന്നതിനും പരിഹാരം കാണുന്നതിനും ഒരു കമ്മീഷനെ വയ്ക്കുന്ന കാര്യം പരിഗണിക്കുമോ ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ഇനിയും എത്ര അപേക്ഷകളാണ് കടാശ്വാസ കമ്മീഷനിൽ തീർപ്പ് കല്പിക്കാനുള്ളത് ? | (ഡി) | കടാശ്വാസത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ ഒരു വ്യക്തി വിവിധ കാലഘട്ടങ്ങളിൽ എടുത്ത മുഴുവൻ വായ്പകളും ഉൾപ്പെടുത്തുവാൻ അനുവദിച്ചിട്ടുള്ളതിനാലും തൽക്കാലം 2007 അവസാനം വരെയുള്ള കടങ്ങൾ മാത്രം പരിഗണിച്ചു വരുന്നതിനാലും വായ്പാ സ്ഥാപനം തിരിച്ച് കടാശ്വാസത്തിനായി അപേക്ഷ പരിഗണിക്കുന്നതിനാലും തീർപ്പ് കൽപിക്കാനുള്ള അപേക്ഷകളുടെ എണ്ണം കണക്കാക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ